(ഡി) പക്ഷിപ്പനി പക്ഷികളിൽ തടയുന്നതിനുള്ള പ്രതിരോധ മരുന്ന് ലഭ്യമല്ല. മനുഷ്യരിൽ പ്രതിരോധ മരുന്നുകൾ ലഭ്യമാണ്.

കയർ മേഖലയുടെ അരക്ഷിതാവസ്ഥ മാറ്റുവാൻ നടപടി

78 [1017] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ദാരിദ്ര്യവും കഷ്ടപ്പാടും അനുഭവിക്കുന്ന കയർ മേഖലയിലെ തൊഴിലാളികളുടെ അരക്ഷിതാവസ്ഥ മാറ്റുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കയർ തൊഴിലാളികളുടെ ഉന്നമനത്തിനായി സ്ഥലം എം.എൽ.എ. സമർപ്പിച്ച നിവേദനത്തിൻമേൽ കൈക്കൊണ്ട നടപടി വിശദമാക്കുമോ ; എന്നത്തേക്ക് ആയതിൻപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കും എന്ന് വെളിപ്പെടുത്തുമോ ;

(സി) യന്ത്രവൽകൃത റാട്ടുകളും മറ്റ് സാമഗ്രികളും കയർ മേഖലയ്ക്ക് അടിയന്തിരമായി വിതരണം ചെയ്യുമോ ?

ഉത്തരം

(എ) കയർ മേഖലയിലെ തൊഴിലാളികളുടെ സുരക്ഷയ്ക്കും കയർ വ്യവസായത്തെ പുഷ്ടിപ്പെടുത്തുന്നതിനും നടപ്പാക്കിയ പദ്ധതികളുടെ വിവരണം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. †

(ബി) ഇപ്രകാരം ഒരു നിവേദനം സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല.

(സി) തൊഴിലില്ലാത്ത വനിതാ കയർ തൊഴിലാളികൾക്ക് കയർ പിരിക്കുന്നതിൽ പരിശീലനം നൽകാനും മഹിളാ കയർ യോജന പദ്ധതി പ്രകാരം 12000 സ്ത്രീ തൊഴിലാളികൾക്ക് 1/4 HP പരമ്പരാഗത റാട്ടുകൾ സൗജന്യമായി നൽകാനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതിനു പുറമേ ഈ വർഷം മാർച്ച് മാസത്തോടെ 18000 പേർക്ക് റാട്ടുകൾ സൗജന്യമായി നൽകാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ട്രെയിനിംഗ് ലഭിച്ചവരെ അടുത്ത വർഷം സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുമ്പോൾ അതിൽ ഉൾപ്പെടുത്തി സ്വയം തൊഴിൽ കണ്ടെത്താനും സഹായിക്കുന്നതാണ്.

പഞ്ചായത്ത് രാജ് സംവിധാനത്തിന് അവാർഡ്

79 [1018] ശ്രീ. കളത്തിൽ അബ്ദുള്ള :
,, സി. ടി. അഹമ്മദ് അലി :
,, പി. കെ. അബ്ദു റബ്ബ് :
,, കെ. എൻ. എ. ഖാദർ:
,, സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തിന് എന്തെങ്കിലും അവാർഡ് ലഭിച്ചിട്ടുണ്ടോ ;

† അനുബന്ധം XI

GPM. 2/153/2013—15

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—XI

16-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത 78 [1017]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന ഒരു പരമ്പരാഗത വ്യവസായമെന്ന നിലയിൽ സർക്കാർ ഈ വ്യവസായത്തിന് മുന്തിയ പരിഗണനയാണ് നൽകി വരുന്നത്.

1. ചകിരിക്ഷാമവും ഗവേഷണ പ്രവർത്തനത്തിന്റെ കുറവുമാണ് കയർ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ. ഇത് പരിഹരിക്കുന്നതിനായി സഹകാര്യ മേഖലയിൽ സ്ഥാപിക്കുന്ന യന്ത്രവൽകൃത ചകിരി മില്ലുകൾക്ക് 50% (10 ലക്ഷം വരെ) സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കി. കയർഫെഡിലും, കയർ കോർപ്പറേഷനിലും ഫോംമാറ്റിംഗ്സിലും 350 ലക്ഷം രൂപ മുതൽ മുടക്കിൽ Raw Material Bank സ്ഥാപിക്കുക വഴി കയർ പിരി തൊഴിലാളികൾക്ക് ന്യായമായ വിലയിൽ ചകിരി ലഭ്യമാക്കാൻ സാധിച്ചു. കയർ പിത്ത് കുന്നുകൂടി ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നം പരിഹരിക്കാൻ അതിനെ മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റാനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

2. ഇന്ന് കേരളത്തിലെ കയർ വ്യവസായ യൂണിറ്റുകളിൽ ഉൽപ്പാദനം നടത്തുന്നത് കയറിനൊപ്പം തന്നെ ജ്യൂട്ടും ഉപയോഗിച്ചുകൊണ്ടാണ്. ജ്യൂട്ടിന്റെ ഉപയോഗം വർഷംതോറും വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. ജ്യൂട്ടിന്റെ കാര്യത്തിലാണെങ്കിൽ വർഷങ്ങളായി ഐ.സി.എ.ആറിന്റെ നേതൃത്വത്തിൽ ഗവേഷണം നടത്തിവരുന്നതുകൊണ്ടും കേന്ദ്ര ടെക്സ്റ്റൈയിൽ മന്ത്രാലയത്തിൽ നിന്നും പ്രത്യേകം സബ്സിഡി ലഭിക്കുന്നതുകൊണ്ടും കേരളത്തിൽപ്പോലും കയറിന് ജ്യൂട്ട് ഫൈബറിനോട് മത്സരിച്ച് പിടിച്ചുനിൽക്കാൻ പറ്റാത്ത ഒരവസ്ഥയാണ്. കോട്ടനും ജ്യൂട്ടും പോലെ തന്നെ ഇൻഡ്യയിലുള്ള ഒരു പ്രകൃതിദത്ത നാരാണ് നാളികേരത്തിൽ നിന്നുള്ള ചകിരി. എന്നാൽ ചകിരിയുടെ കാര്യത്തിലാണെങ്കിൽ കയർ, മാറ്റ്സ്, മാറ്റിംഗ്സ് എന്നീ മൂന്ന് പ്രധാന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് കേന്ദ്രീകരിച്ചുകൊണ്ടുള്ള ചുരുങ്ങിയ തോതിലുള്ള ഗവേഷണം മാത്രമാണ് കയർബോർഡ് വഴി ഈ 50 വർഷം കഴിഞ്ഞിട്ടും ചെയ്തുവന്നിട്ടുള്ളത്. ആ രംഗത്തും കയറിനു പകരം ചണം ആധിപത്യം സ്ഥാപിച്ചുവരികയാണ്. പ്രകൃതിദത്തമായ ചകിരിനാരിന്റെ അനന്തസാദ്ധ്യതകൾ അറിയാനും അതിന്റെ തനതായ ഗുണങ്ങൾ മനസ്സിലാക്കി വ്യാവസായികാവശ്യത്തിനുള്ള വിവിധതരം ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും ഇന്നത്തെ കയർ വ്യവസായത്തെ പുഷ്ടിപ്പെടുത്തേണ്ടതിനും വേണ്ട ഗവേഷണങ്ങൾ നടത്തുന്നതിന് ഒരു പ്രത്യേക സംവിധാനം ആവശ്യമായി വന്നിരിക്കുകയാണ്. അതിനാൽ കയർ വ്യവസായത്തിന്റെ എല്ലാവിധ വളർച്ചയേയും ലക്ഷ്യമാക്കിക്കൊണ്ട് ഒരു ദേശീയ കയർ റിസേർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള പദ്ധതിയ്ക്ക് തുടക്കം കുറിച്ചു.

3. സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായം നൽകുന്നതിനോടൊപ്പം ഇവയിലെ അനുഭാവികളെ ഒഴിവാക്കി ഭരണം യഥാർത്ഥ തൊഴിലാളികളെ ഏൽപ്പിക്കാൻ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു.

GPM. 2/153/2013—46

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ കയർ സഹകരണ സംഘങ്ങളുടെ മോശമായ പ്രവർത്തനംമൂലം തൊഴിൽ നഷ്ടപ്പെട്ടത് പ്രധാനമായും കയർപിരി മേഖലയിലെ സ്ത്രീകൾക്കാണ്. അതിനാൽ അവരെ പുനരധിവസിപ്പിക്കുന്നതിനായി വനിതാ കയർ തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ¼ HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ കയർ തൊഴിലാളികൾക്ക് പരിശീലനം നൽകി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അവർക്ക് സൗജന്യ നിരക്കിൽ റാട്ടും, പണിശാലയും അത്യാവശ്യ പ്രവർത്തന മൂലധനവും നൽകുന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി. 12000 തൊഴിലാളികൾക്ക് പരിശീലനം നൽകുകയും 8000 തൊഴിലാളികൾക്ക് ഇതുമൂലം തൊഴിലും ലഭ്യമായിട്ടുണ്ട്.

4. 18000 കയർ തൊഴിലാളികൾക്ക് കയർപിരി മേഖലയിൽ ¼ HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടു നൽകി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് മഹിളാ കയർ യോജന പദ്ധതി പ്രകാരം റാട്ടുകൾ നൽകുന്നത് ഈ വർഷം മാർച്ച് മാസത്തോടെ നടപ്പാക്കും.

5. കയർ വ്യവസായത്തിന്റെ കയറ്റുമതിക്ക് ഊന്നൽ നൽകി കേന്ദ്ര സർക്കാർ ആലപ്പുഴ ജില്ലയ്ക്കായി Industrial Infrastructure Upgradation Scheme പ്രകാരം അനുവദിച്ച 56.8 കോടി രൂപയിൽ 14.2 കോടി രൂപ അനുവദിച്ചത് വിവിധ മേഖലയിലുള്ള വ്യവസായ യൂണിറ്റുകൾക്ക് നൽകാനുള്ള പദ്ധതി പൂർത്തിയായി. ഈ പദ്ധതി പൂർത്തിയാകുമ്പോൾ 23000 പേർക്ക് പ്രത്യക്ഷമായും അത്രയും പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകും.

6. വയലാറിലും പെരുമണ്ണിലും ഓരോ കയർ ഗ്രാമങ്ങൾ സ്ഥാപിക്കാൻ 29 ലക്ഷം രൂപ വീതം നൽകി. ലഭ്യമായ വിഭവങ്ങളും, ശ്രോതസ്സുകളും ഉപയോഗിച്ച് ഗ്രാമത്തെ സ്വയംപര്യാപ്തമാക്കാനായി ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി ടൂറിസം വകുപ്പുമായി ബന്ധപ്പെടുത്തും. 600 പേർക്ക് പ്രത്യക്ഷമായി കൂടുതൽ തൊഴിൽ നൽകാനുതകുന്ന രണ്ട് പദ്ധതികൾക്കും തുടക്കം കുറിച്ചു.

7. കയർ മൂവസ്ത്ര വികസനം ലക്ഷ്യമിട്ട് 419 ലക്ഷം രൂപയുടെ കയറ്റുമതി ലക്ഷ്യമിട്ടുകൊണ്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

8. കയർ വ്യവസായ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി 286.47 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചു.

9. കെട്ടിക്കിടന്ന കയറും കയറുൽപ്പന്നങ്ങളും സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനായി 8 കോടി രൂപ കയർഫെഡിനും കയർ കോർപ്പറേഷനുമായി അനുവദിച്ചു. കയർ മേഖലയിലെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണിയിൽ ആവശ്യമുള്ളപ്പോൾ ഇടപെടുന്നതിനും ഇത് സഹായിച്ചു.

10. ചെറുകിട കയർ ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾക്കായുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

11. ഗുണനിലവാരം ഉയർത്തുന്നതിനായി കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹായം നൽകി. സഹകരണ സംഘങ്ങളിലെ ഉൽപ്പന്നങ്ങൾ ആകർഷകമാക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായി.

LIBRARY ARCHIVES Kerala Legislative Assembly

12. മാർക്കറ്റ് ഓറിയന്റഡ് പ്രൊഡക്ട് ഡവലപ്മെന്റ് പദ്ധതി പ്രകാരം കയർ കോർപ്പറേഷനിലും കയർഫെഡിലും ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡിലും പവർലൂമുകളും മറ്റ് ആധുനിക യന്ത്രങ്ങളും സ്ഥാപിക്കുന്നതിനും കയറിന് Brand ഉണ്ടാക്കുന്നതിനും മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് ഗുണമേന്മ അംഗീകാരം ലഭ്യമാക്കുന്നതിനും സ്വയം സഹായ സംഘങ്ങൾക്കും മാറ്റ്സ് & മാറ്റിംഗ് സംഘങ്ങൾക്കും ഫിനിഷിങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

13. പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി ഉൽപ്പാദന വിപണന പ്രചോദനം (Production Marketing Incentive) എന്ന പദ്ധതി ആവിഷ്ക്കരിച്ചു കഴിഞ്ഞു. ഇത് മേഖലയിലെ മുഴുവൻ കയറുൽപ്പാദകർക്കും സഹായമാകും.

14. പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ സംഘങ്ങൾക്കും പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിന് സഹായകമായ മാർജിൻമണി വായ്പാ പദ്ധതി നടപ്പിലാക്കി.

15. കയർ മേഖലയിലെ വികസനത്തിന് innovation നടത്തുന്നതിനും പുതിയ ഉൽപ്പന്നങ്ങൾ/മെഷിനറികൾ തുടങ്ങിയവ കണ്ടുപിടിക്കുന്നവരെയും പ്രോത്സാഹിപ്പിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

16. ICDP പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ മുഖേന നൽകിയ യന്ത്രവൽകൃത റാട്ടുകളും ചകിരിമില്ലുകളും പ്രവർത്തക്ഷമമാക്കുന്നതിനും നഷ്ടപ്പെട്ട തൊഴിലവസരങ്ങൾ വീണ്ടും ലഭ്യമാക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കി.

17. കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച റീജനറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ് എന്ന പദ്ധതിപ്രകാരം 4 ക്ലസ്റ്ററുകൾ തുടങ്ങാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നു.

18. കയർ തൊഴിലാളികളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി 18 കോടിയോളം രൂപ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി ചെലവഴിച്ചു. 60,000 തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

19. പീഡിതവും നിഷ്ക്രിയവുമായ കയർ വ്യവസായ സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകിവരുന്നു. സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങൾക്ക്, കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും സംയുക്ത സഹായത്തോടെ മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റന്റ് പദ്ധതി (എം.ഡി.എ.) നടപ്പിലാക്കിവരുന്നു.

20. നെയ്ത്തു മേഖലയിലെ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിന് KSCC-യ്ക്കും Foam Mattings (India) Ltd.-ലും ചെറിയ വീതിയിലുള്ള കയറ്റുപായ്കൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള Power loom-കൾ സ്ഥാപിക്കാനും കയർ തടുക്കിന്റെ ഫിനിഷിങ്ങിലുള്ള സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനായി Coirfed-ൽ ഒരു Flocking Machine-ഉം സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly